


# പരിശുദ്ധനായ പൗലൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ തിരുമേനിയോടൊത്തുള്ള രണ്ടു വർഷക്കാലം

**പൂക്കുന്നേൽ ജോസഫ് കോറെപ്പിസ്ക്കോപ്പ, കോതമംഗലം**

ആദ്യമായി അടുത്തുനിന്ന് ആ പരിശുദ്ധ പിതാവിനെ കാണുന്നത് ഞാൻ പട്ടമേൽക്കാനായി ആലൂവാ സെമിനാരിയിൽ ചെല്ലുമ്പോളായിരുന്നു. സുന്ദരമായ, ദൈവീകതേജസ്സുള്ള ആ മുഖം മനസ്സിൽ തറച്ചു നിന്നു. ശ്രവണ മധുരമായ “ആരാ മോനെ” എന്ന വാൽസല്യം തുളുമ്പുന്ന ചോദ്യം കേൾക്കുമ്പോൾ ഒരു ചെറിയ കോരിത്തരിപ്പ് അനുഭവപ്പെടും. ആദ്യദർശനത്തിൽ തന്നെ നമ്മിൽ ഭക്തി ഉളവാക്കും. 1944 മാർച്ച് മാസം 25–ാം തീയതി സഭ മുഴുവനും സാഘോഷം കൊണ്ടാടുന്ന സൂബോറോ പെരുന്നാൾ–ഗബ്രിയേൽ മാലാഖ നസ്രേത്തിൽ വി. കന്യകാമാതാവിന്റെ സമീപം വന്ന് സ്വർഗ്ഗീയ ദൂത് അറിയിച്ച ആ മഹാ ദിവസം– ആണ് ഈ ബലഹീന ദാസനെ ശുശ്രൂഷയുടെ പ്രാരംഭപരിപാടിയിലേക്ക് വിളിച്ചടുപ്പിച്ചത്. ആ മഹാദിവസത്തെ സംബന്ധിച്ച് പരിശുദ്ധപിതാവ് കൽപിച്ചു പറയുന്നതിനു മുൻപ് വലിയ അറിവില്ലായിരുന്നു. ആ ദിവസം നാൽപതാം വെള്ളിയാഴ്ചയും അനേകം പരിശുദ്ധ പിതാക്കന്മാരുടെ ഓർമ്മ ദിവസം കൂടിയായിരുന്നു. പട്ടം കൊടുത്തു കഴിഞ്ഞുള്ള പ്രസംഗത്തിൽ ആ ദിവസത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് പറയുകയും അപ്രകാരമുള്ള ഒരു ദിവസത്തിൽ അദ്ദേഹം ആരുടെ തലയിലും മുൻപ് കൈവച്ചിട്ടില്ലെന്നും ആ മഹാഭാഗ്യം ഈ സാധുവിനാണ് ലഭിച്ചതെന്നും അറിഞ്ഞപ്പോൾ അറിയാതെ ‘ദൈവമെ’ എന്നു നന്ദി നിറഞ്ഞ മനസ്സോടെ വിളിച്ചുപോയി. തിരുനാമം എന്നാളും മഹത്വപ്പെടട്ടെ.



സി.എം.എസ് കോളേജിൽ നിന്ന് ഇന്റർമീഡിയറ്റ് പാസായി ആലുവ യു.സി. കോളേജ് (1947–49)ൽ B.Scയ്ക്കു ചേർന്നു പഠനം ആരംഭിച്ചു. താമസം തൃക്കുന്നത്തു സെമിനാരിയിലും. പരിശുദ്ധനായ വലിയ തിരുമേനിയുടെ വാൽസല്യവും, അന്ന് സഹായ മെത്രാനായി വാഴ്ത്തപ്പെട്ട വന്ദ്യ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സ്നേഹവും എന്റെ സെമിനാരിയിലെ താമസം ആനന്ദപൂർണ്ണമാക്കി.

വന്ദ്യ പരിശുദ്ധ പിതാവിനോടൊത്തുള്ള പ്രാർത്ഥനകളും ഇടവേളകളിൽ അദ്ദേഹത്തിന്റെ ഉപദേശങ്ങളും എല്ലാം എന്നെ ഒരു പുതിയ അനുഭൂതിയിലേക്കുയർത്തി. യാമ പ്രാർത്ഥനകൾക്ക് കൃത്യസമയം കണ്ടിരുന്നു. വാച്ചു നോക്കാതെ കൃത്യസമയമാകുമ്പോൾ അദ്ദേഹത്തിന്റെ ശുശ്രൂഷകനായി നിന്ന മാത്തു ചേട്ടനെ വിളിക്കും. “മാത്തുവേ” ഒരു വിളി മതി മാത്തുചേട്ടൻ തിരുമുമ്പിൽ എത്തിക്കഴിയും. തുടർന്ന് പ്രാർത്ഥന ആരംഭിക്കും. യാമ പ്രാർത്ഥനകളുടെ അവസാനം ഈശോ നൂഹറായിലെ ഏതാനും ഭാഗം (ആകെയുള്ള ഭാഗം എഴായി ഭാഗിച്ചതിൽ ഒരു ഭാഗം) ഒരു യാമ പ്രാർത്ഥനയുടെ അവസാനത്തിൽ ചൊല്ലും. ശ്രുതിമധുരമായ നല്ല ഈണത്തിൽ ഉള്ള ഗീതങ്ങൾ മനസ്സിന് ആത്മീയ കുളിർമ പകരുന്നതായിരുന്നു. മാത്തുചേട്ടന്റെ അഭാവത്തിൽ കോളേജ് ഇല്ലാത്ത സമയം “ശെമ്മാശാ” എന്നൊരു വിളിയുണ്ടാകും. വരാന്തയുടെ തെക്കെ അറ്റത്തുള്ള മുറിയിലായിരുന്നു എന്റെ താമസം. വിളികേൾക്കുന്ന മാത്രയിൽ തിരുമുമ്പിലെത്തിക്കഴിയും പ്രാർത്ഥന കഴിയുമ്പോൾ അദ്ദേഹം വളരെ സന്തോഷമുള്ളവനായി കാണാൻ സാധിക്കും.

ഒരിക്കൽ ഒരു ജഡ്ജി അദ്ദേഹത്തെ കാണാൻ വന്നു. വളരെ യോഗ്യമായി സ്വീകരിച്ച് ഇരുത്തി സംഭാഷണം ആരംഭിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം “ഇനിയും കുറച്ചു സമയം സാർ വിശ്രമിക്കുക, എന്റെ യാമ പ്രാർത്ഥനയുടെ സമയമായി.” ഉടനെ മാത്തുചേട്ടൻ വന്നു. പ്രാർത്ഥന തുടങ്ങി. ആ വന്ദ്യ പിതാവിന്റെ കൃത്യനിഷ്ടയും ആത്മീയ ചൈതന്യം ജ്വലിക്കുന്നതുമായ ആ രംഗം വളരെ ആകർഷണീയമായിരുന്നു. ജഡ്ജി വിശ്രമിച്ചു, പ്രാർത്ഥന കഴിഞ്ഞു വീണ്ടും സംഭാഷണം തുടർന്നു. ആരാ



ലേഖകൻ വലിയ തിരുമേനിയ്ക്കൊപ്പം (അംശവടി പിടിച്ചിരിക്കുന്ന ശെമ്മാശൻ) തിരുമേനിയുടെ പിറകിൽ നിൽക്കുന്നത് വിശ്വസ്ത ദാസൻ മാത്തു.

യാലും എവിടെയായാലും യാമ പ്രാർത്ഥന നിർവിഘ്നം നടന്നിരിക്കും. സന്ധ്യ, പ്രഭാതം ഈ രണ്ടു സമയത്തും കാലാവസ്ഥ ഏതായിരുന്നാലും പള്ളിക്കകത്തുപോയി ആയിരിക്കും പ്രാർത്ഥന. അവിടെ അദ്ദേഹത്തോടുകൂടിയുള്ള ജീവിതം ഒരു അനർഘ അനുഭവമായിരുന്നു.

വളരെ ശാന്ത സ്വഭാവമായിരുന്നെങ്കിലും സമീപവർത്തികൾ അദ്ദേഹത്തോട് ഭയത്തോടും ഭക്തിയോടും കൂടെ മാത്രമേ പെരുമാറുമായിരുന്നുള്ളു. അദ്ദേഹത്തിന് അനിഷ്ടമുളവാക്കുന്ന ഒരു പെരുമാറ്റവും ആരിൽ നിന്നും ഉണ്ടാകാറില്ല. അനുഗ്രഹകരമല്ലാത്ത ഒരു വാക്ക് അദ്ദേഹത്തിൽ നിന്നും ഉണ്ടാകാൻ ആരും ഇടവരുത്താറില്ല. വല്ലാതെ ഒരു വാക്കു വീണുപോയാൽ അത് ഒരു അനുഭവമായിരിക്കും. വട്ടിപ്പണകേസ് നടക്കുന്ന സമയം അദ്ദേഹം സാമ്പത്തിക ഞെരുക്കത്തിൽ ആയിരുന്നു. അങ്കമാലി ഭദ്രാസനത്തിലെ ഒരു പള്ളിയിൽ എത്തി, ആ പള്ളിയുടെ കാര്യത്തിൽ നിന്നു ആവശ്യമായ സാമ്പത്തിക സഹായ സഹകരണം അവിടുന്ന് ആവശ്യപ്പെട്ടു. പള്ളിയുടെ സമീപം അന്നുണ്ടായിരുന്ന ഒരു ഇരുനിലകെട്ടിടത്തിന്റെ രണ്ടാം നിലയിലെ മൂന്ന് മുറികളിൽ പടിഞ്ഞാറുവശത്തു മുറിയിൽ അദ്ദേഹം വിശ്രമിക്കുകയായിരുന്നു. കിഴക്കേ മുറിയിൽ പള്ളി മാനേജീംഗ് കമ്മറ്റി കൂടിക്കൊണ്ടിരുന്നു. അവിടെ ആവശ്യത്തിലധികം ശബ്ദമുയർത്തി ചിലർ തിരുമേനിയുടെ ആവശ്യത്തെ പ്രതികൂലിച്ച് സംസാരിക്കുന്നതു കേട്ടുകൊണ്ട്, തിരുമേനി കിഴക്കേ മുറിയിലേക്ക് വരികയായിരുന്നു. ആ സമയം കമ്മറ്റിയിലെ ഒരു പ്രഗത്ഭൻ, ധനികൻ, കമ്മറ്റിയിൽ ഒരു പ്രധാനി, ഈ കാര്യം ഉച്ചത്തിൽ എതിർത്തു സംസാരിച്ചു കൊണ്ട് വാതിലിന് സമീപത്തേക്ക് വരികയായിരുന്നു. ഇതു കാണുകയും കേൾക്കുകയും ചെയ്തുകൊണ്ട് മുറിയിലോട്ടു വന്നു പരിശുദ്ധ പിതാവ് “നീ അധികം ഉച്ചത്തിൽ സംസാരിക്കേണ്ട. ഇത് എന്റെ ഒരു വ്യക്തിപരമായ കാര്യത്തിനുമല്ല. സഭയുടെ നിലനിൽപ്പിന് വേണ്ടിയാണ് നാം ഇവിടെ വന്നതും കാര്യങ്ങൾ നിങ്ങളെ അറിയിച്ചതും.” പ്രക്ഷുപ്തമായ രംഗം ഉടനെ ശാന്തമായി. പുറത്തു കടന്ന ആ മനുഷ്യനൊഴികെ ബാക്കിയെല്ലാവരും വന്ദ്യപിതാവിന്റെ ആഗ്രഹപ്രകാരം വേണ്ട തീരുമാനമെടുത്തു. ഒരു കുഴപ്പം മാത്രം സംഭവിച്ചു. വലിയ ശബ്ദത്തിൽ സംസാരിച്ചയാൾക്ക് എന്തോ തൊണ്ടയിൽ ഒരു വിഷമം. സംസാരം ശരിയാകുന്നില്ല. നേരെ, സംസാരിക്കാനാവുന്നില്ല. വിക്കി വിക്കി എന്തോ നേരിയ ശബ്ദത്തിൽ ആവ്യക്തമായിപ്പറയുവാനേ കഴിയുമായിരുന്നുള്ളു. ഉണ്ടായിരുന്നവർക്കെല്ലാം ഭയമായി. എല്ലാവരും സങ്കടത്തോടെ ഈ വിവരം തിരുമനസ്സിനെ അറിയിച്ചു. “അത് ദൈവഹിതമായിരുന്നു, അവിടുന്നാണ് കരുണ കാണിക്കേണ്ടത്” എന്നരുളി ചെയ്തു. അയാളുടെ ശബ്ദം അവസാന കാലം വരെ അങ്ങനെ തന്നെ ആയിരുന്നു. അതെപ്പറ്റി വ്യക്തിപരമായിപ്പറയുന്നില്ല. അനുഭവിച്ച ഒരു അത്ഭുതകരമായ സംഭവം പറഞ്ഞന്നേയുള്ളു.

അദ്ദേഹവുമായി പരിചയപ്പെടുന്നവർ അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. എന്നാൽ ഇവയിലേറെ അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു.

'നീ ഗുണമാകില്ല' എന്ന രീതിയിൽ ഒരു വാക്കു പറയാൻ ഇടയായാലോ എന്നതാണ് ഭയം. വ്യക്തിപരമായ നിലയിൽ എനിക്കൊരു അനുഭവമുണ്ടായി. ഒരു ദിവസം കാലത്ത് ഞാൻ കോളേജിലേക്കു പോകാനായി ഒരുങ്ങി ഇറങ്ങി. എന്റെ മുറിയിൽ നിന്നു ഇറങ്ങിയാൽ പരിശുദ്ധ പിതാവ് വരാന്തയിൽ വിശ്രമിച്ച് സാധാരണ കിടക്കാറുള്ള ഭാഗത്ത് കൂടിവേണം കടന്നുപോകാൻ. ആ സമയം ഒരു ശബ്ദവും ഉണ്ടാകാതിരിക്കാൻ ഷൂസ് പോലും ഊരി കൈയ്യിൽ വച്ചുകൊണ്ട് ഒരു ശബ്ദവും ഉണ്ടാക്കാതെ തിരുമേനി കിടക്കുന്ന ഭാഗം കടന്നു "ആരാണത്" എന്നൊരു ചോദ്യം. "ഞാനാണ്" ഞാൻ പറഞ്ഞു. ഹാ ശെമ്മാശനാണ് അല്ലേ? താനിങ്ങുവന്നേ"തിരുമേനി കൽപിച്ചു. ഞാനൊരൽപം ഭയന്നു. ചെറുതായി അണിഞ്ഞൊരുങ്ങി മുഖത്ത് അല്പം കുട്ടിക്കൂറാ പൗഡർ ഒക്കെയിട്ടുള്ള ആ നിലയിൽ തിരുമേനിയുടെ സമീപത്തേക്ക് ചെല്ലാൻ വിഷമിച്ചു. ഏതായാലും ഉള്ള ധൈര്യമെല്ലാം സംഭരിച്ചു അടുത്തു ചെന്നു. ഉടനെ "ഉം താനെന്നെ ഒന്നെഴുന്നേൽപിക്കു' ഭയം അതിന്റെ മൂർച്ചയിലായി. കാരണം ഞാൻ കുനിയണം. എന്റെ കഴുത്തിൽ തിരുമേനി പിടിക്കുകയും ഞാൻ കൈകൊണ്ട് അദ്ദേഹത്തെ താങ്ങി എഴുന്നേൽപ്പിക്കണം. പരിശുദ്ധപിതാവിന്റെ മുഖത്ത് നിന്നും കഴിയുന്നിടത്തോളം അകലെ എന്റെ മുഖം വരത്തക്ക വിധത്തിൽ പിടിച്ച് ഞാൻ താങ്ങി എഴുന്നേൽപിച്ചു. അദ്ദഹം കാൽ കട്ടിലിന് താഴെ ഇട്ടിരുന്നു. 'താനിങ്ങു അടുത്തു വന്നേ' അടുത്ത കൽപ്പന. ഹൃദയത്തിന്റെ ഇടിപ്പ് പുറത്തുവരെ കേൾക്കുമെന്ന മട്ടായി. അടുത്ത കൽപ്പന താനിങ്ങു കുനിഞ്ഞേ" ഞാൻ മെല്ലെ കുനിഞ്ഞു രണ്ടു കയ്യും ഉയർത്തി എന്റെ തല മുഖം, കഴുത്ത, ഷർട്ടിന്റെ കോളർ, കുപ്പായത്തിന്റെ തേപ്പ് – കുനിഞ്ഞ് പാന്റിന്റെ മടക്ക്. അവിടം വരെയെത്തിയപ്പോൾ ഞാൻ വിചാരിച്ചു ഞാൻ തല കറങ്ങി താഴെ വീഴുമെന്ന്. 'തനിക്ക് ചെരിപ്പ് ഇല്ലേ? അടുത്തചോദ്യം "ഉണ്ട്" ഷൂസാണ് ഉള്ളത്. 'അതെവിടെ' അടുത്ത കൽപന. "എന്റെ കൈയ്യിലാണ്" തിരുമേനി ഒരു നല്ല ചിരി. "എടോ ഷൂസ് കയ്യിലാണോ ഇടുന്നത്, അവിടുന്ന് ചിരിച്ചതുമൂലം അല്പം ആശ്വാസമായി. "ഷൂസിന്റെ അടിയിൽ ലാടൻ തറച്ചിട്ടുള്ളതായതിനാൽ സിമന്റു തറയിൽ കൂടെ നടക്കുമ്പോൾ ശബ്ദം കേൾക്കും. അത് അവിടുത്തെ മുമ്പിൽ ആകും വിധം ശബ്ദമുണ്ടാക്കി അങ്ങയുടെ വിശ്രമത്തിന് ഭംഗമുണ്ടാകരുതെന്ന് കരുതിയാണ് കയ്യിൽ വച്ചത്." കൊള്ളാം, ഷൂസിടാൻ കൽപിച്ചു. 'ഞാൻ മുറ്റത്തോട്ടിറങ്ങുമ്പോൾ ഇടാൻ അനുവദിക്കണമെന്നപേക്ഷിച്ചു ഒന്നും മിണ്ടിയില്ല. അതു കഴിഞ്ഞ് 'മോനെ തരകൻ എന്നോട് പറഞ്ഞു ഇവിടെ ശെമ്മാശൻമാർ പലരുണ്ട്, ഭംഗിയായ നടക്കുന്നത് ഒരു ശെമ്മാശൻ മാത്രമാണ്". സഭാപ്രമാണികളിൽ ഒരു പ്രധാനിയായ ചാക്കോതരകന്റെ മകൻ മാത്യു തരകൻ അവിടെ ഞങ്ങളോടൊപ്പം താമസിച്ചിരുന്നു. ചാക്കോതരകൻ തിരുമേനിയുടെ ഉറ്റമിത്രമായിരുന്നു. ഓ! ഞാൻ ഒരു ദീർഘ നിശ്വാസം എടുത്തു. എന്റെ വിയർപ്പ് അടങ്ങി. ഒരു തണുപ്പ് എന്നിൽ വന്നു. ഒരു വലിയ ശാപം മേടിച്ചു കെട്ടുമെന്നുതന്നെയായിരുന്നു എന്റെ വിചാരം. മുഖത്തെ പൗഡറിന്റെ മണം, ആകെ വസ്ത്രധാരണം എല്ലാം ആയ ആ സ്ഥിതി ആശങ്ക ഉളവാക്കി. പക്ഷേ "മോനെ ഇതുപോലെ വേണം നടക്കാൻ. ശെമ്മാശൻമാർ യോഗ്യമായി നടക്കുന്നത് സഭയ്ക്കഭിമാനമാണ്. പൊയ്ക്കൊള്ളു. മിടുക്കനായി പഠിക്കുക." സന്തോഷമായി ഞാൻ കോളേജിലേക്കുപോയി. മാത്യു തരകന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഒരു മിന്നൽ പരിശോധനയാണ് അന്ന് നടന്നത്.


അന്ത്യോക്യ സിംഹാസനവുമായുള്ള ബന്ധം അതി സൂക്ഷ്മമായി കാത്തുപരിപാലിച്ചിരുന്നു. വിശ്വാസ വീരൻ, സത്യസന്ധൻ, നിർമ്മലൻ, പ്രാർത്ഥനാനിരതൻ, സൗമ്യൻ, ഇങ്ങനെ പല വിശിഷ്ട ഗുണങ്ങളുടെ വിളനിലമായിരുന്നു ആ പുണ്യപിതാവ്. ഐഹീക സ്ഥാനങ്ങൾക്കോ ദ്രവ്യത്തിനോ അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ സ്ഥാനമുണ്ടായിരുന്നില്ല.

"വിശ്വാസ സംരക്ഷകൻ" എന്ന നിലയിൽ സഭ അദ്ദേഹത്തെ കാണുന്നു. സഭാ കേസിൽ ഒന്നാം വാദിയായ അദ്ദേഹം കോടതിയിൽ പോയിട്ടില്ല. കാരണം മറ്റൊന്നുമല്ല. കോടതിയിൽ ചെന്നാൽ മനസാക്ഷിയ്ക്ക് വിരുദ്ധമായി ചിലപ്പോൾ പറയുന്നതിന് വക്കീലന്മാർ ആവശ്യപ്പെടും. അതു ചെയ്യാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. എപ്പോഴും സത്യസന്ധമായി സംസാരിക്കാനും ജീവിക്കാനുമാണ് അദ്ദേഹം ആഗ്രഹിച്ചത്. പാപരഹിതമായ ഒരു ജീവിതം നയിക്കുവാൻ പരമാവധി യത്നിച്ചു. അതിന് പ്രാർത്ഥനയും നോമ്പും ഉപാധികളായി കൈക്കൊണ്ട്, അത് അന്ത്യം വരെ നിർവിഘ്നം തുടരുകയും ചെയ്തു. അദ്ദേഹത്തിനു കാര്യമായ ബാങ്ക് ബാലൻസുണ്ടായിരുന്നില്ല. ഒരവസരത്തിൽ അദ്ദേഹത്തിന്റെ സഹോദരി അദ്ദേഹത്തെ കാണാൻ വന്നിരുന്നു. ഏതോ അൽപം സാമ്പത്തിക സഹായം ആഗ്രഹിച്ചായിരുന്നു വരവ്. സാധാരണ വിശേഷങ്ങൾ ഒക്കെ കഴിഞ്ഞ് മാത്യു ചേട്ടനെ വിളിച്ച് അദ്ദേഹത്തിന്റെ സ്വന്തം കൈപ്പെട്ടിയിൽ നിന്നും അഞ്ചു രൂപ എടുത്തു കൊണ്ടുവരാൻ പറഞ്ഞു അതു പെങ്ങൾക്ക് കൊടുത്തു. നിന്റെ ആവശ്യങ്ങൾ ദൈവം തമ്പുരാൻ നടത്തിക്കൊള്ളും എന്ന് പറഞ്ഞ് അയച്ചു. അന്ന് അത് ഒരു വലിയ സംഖ്യയാണ്.

അതിഥി സൽക്കാരത്തിൽ വളരെ താൽപര്യമുള്ള ആളായിരുന്നു തിരുമേനി. ഒരവസരത്തിൽ മറുഭാഗത്തെ കൊച്ചു തിരുമേനി എന്നു വിളിക്കപ്പെടുന്ന പുത്തൻ കാവിലെ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനിയെ കാണാനെത്തി. ഞാൻ സി.എം.എസ് കോളെജിൽ പഠിക്കുന്ന കാലത്ത് ഈ കൊച്ചു തിരുമേനിയെ പരിചയമായിരുന്നു. അഥിതി മുറിയിൽ അദ്ദേഹത്തെ ഇരുത്തിയശേഷം ഞാൻ വലിയ തിരുമേനിയെ പിടിച്ചുകൊണ്ട് ആ മുറിയിലേക്ക് ആനയിച്ചു. കൊച്ചു തിരുമേനി എഴുന്നേറ്റ് കൈപിടിച്ച് ചുംബിക്കാൻ തുടങ്ങുമ്പോൾ കൈക്കസ്തൂതി കൊടുത്ത് ആശ്ലേഷിച്ച് ഇരുത്തി. അവരുടെ സംഭാഷണം വളരെ ഹൃദ്യമായിരുന്നു. സഭാ കാര്യങ്ങളും കേസിന്റെ കാര്യങ്ങളും ചർച്ച ചെയ്തു സമാധാനപരമായ ഒരു തീർപ്പിനായി ഇരുവരും ആഗ്രഹിച്ചു. ഇതിന് പ്രാർത്ഥനയാണ വശ്യം തമ്പുരാനു തിരുവുള്ളമാകുന്നവിധം സംഭവിക്കട്ടെയെന്ന് പറഞ്ഞ് പിരിയാനായി എഴുന്നേറ്റപ്പോൾ വലിയതിരുമേനി എന്നെ വിളിച്ചു പറഞ്ഞു. കൊച്ചുതിരുമേനിക്ക് കാപ്പികൊടുത്തില്ലല്ലോ എന്ന്. ഞാൻ അടുത്ത

മുറിയിൽ കാപ്പിമേശ ഒരുക്കിയിരുന്നു. ഞാനത് പറഞ്ഞപ്പോൾ വലിയ തിരുമേനിക്ക് വലിയ സന്തോഷമായി. രണ്ടുപേരെയും അങ്ങോട്ടു കൊണ്ടു പോയി ഇരുത്തി. സാമാന്യം മോശമല്ലാത്തരീതിയിൽ വിഭവങ്ങൾ ഒരുക്കികൊടുത്ത കാപ്പി ഒരു വലിയ അനുഗ്രഹത്തിന് കാരണമായി. “കൊള്ളാം തന്റെ കാപ്പിമേശ ഒരുക്കൽ നന്നായിരിക്കുന്നു. ഇത് ദൈവകൃപയുടെ ഒരു അടയാളമാണ്” കൊച്ചുതിരുമേനി വളരെ ഹൃദ്യമായി ചിരിച്ച് എന്റെ പുറത്ത് സ്നേഹപൂർവ്വം തട്ടികൊണ്ട് യാത്രയായി. കാർ കിടക്കുന്നിടം വരെ ഞാൻ അനുയാത്രചെയ്തു. അങ്ങിനെ വാദി പ്രതികളുടെ സന്ദർശനത്തിന്റെ പരിസമാപ്തി കണ്ട് ഞാൻ ദൈവത്തെ സ്തുതിച്ചു. തിരിച്ചു വന്നപ്പോൾ വലിയതിരുമേനി “താൻ എന്റെ അന്തസും അതുമൂലം സഭയുടെ അന്തസ്സും കാത്തു. കൊള്ളാം മോനെ” എനിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവുമായിരുന്നില്ല.

ഒരു ദിവസം ഉച്ചകഴിഞ്ഞ സമയം ഞാൻ പരിശുദ്ധ പിതാവിന്റെ കാൽ മെല്ലെ തടവിക്കൊണ്ടിരിക്കയായിരുന്നു. തിരുമേനിയുടെ മുറിയുടെ വാതിൽക്കൽ ഒരു പരിചിത മുഖം കണ്ടു. എന്നെ ആംഗ്യഭാഷയിൽ വിളിച്ചു. ഞാൻ തിരുമേനിയുടെ അനുവാദം വാങ്ങി അദ്ദേഹത്തോട് സംസാരിച്ചു. ഒരാളുടെ പട്ടം കൊട സംബന്ധിച്ച് തിരുമേനിയൊട് അപേക്ഷിക്കാൻ വന്നവരാണ്. ഞാൻ തിരുമേനിയെ വിവിരം അറിയിച്ചു. മുഖം കാണിക്കാനുള്ള അനുവാദം വാങ്ങി അവരെ അറിയിച്ചു. അവർ വന്ന് കൈമുത്തി മാറിനിന്നു. അതിൽ പ്രധാനി വന്ന് കാര്യം പറഞ്ഞു. തുടർന്ന് പട്ടമേൽക്കാൻ വന്ന ആളിന്റെ യോഗ്യതകൾ കുടുംബം, വിദ്യാഭ്യാസം, പള്ളി വികാരിയുടെ സർട്ടിഫിക്കേറ്റ് തുടങ്ങിയവ സംബന്ധിച്ച് തിരുമേനി സംസാരിച്ചു. പിന്നീടുണ്ടായ ചോദ്യങ്ങൾക്ക് മിക്കവാറും പട്ടമേൽക്കാൻ വന്ന യുവാവാണ് ഉത്തരങ്ങൾ പറഞ്ഞത്. സംസാര രീതികൊണ്ട് എന്നോട് ആരാ മോനേ ആ ഉത്തരങ്ങൾ പറയുന്നത്. “ അത് പട്ടമേൽക്കാൻ വന്ന ആളാണ്” എന്നു ഞാൻ പറഞ്ഞു. തിരുമേനിയുടെ കാഴ്ച ശക്തി കുറവായിരുന്നു. ഉടനെ എഴുന്നേറ്റ് ഇരുന്നു. പട്ടമേൽക്കാൻ വന്ന ആളോട് “കല്യാണകാര്യങ്ങൾ മാതാപിതാക്കൾ ആലോചിക്കുമ്പോൾ മണവാളൻ അതിൽ അഭിപ്രായം പറയേണ്ട. എന്തെങ്കിലും ചോദിച്ചാൽ പറയുന്നതാണ് നല്ലത്. എല്ലാത്തിനും മണവാളൻ മറുപടി പറയുന്നത് അധികപ്രസംഗിയുടെ രീതിയാണ്. അതു നല്ലതല്ല. അത് വഴക്കാളിയുടെ രീതിയാണ്”. പിന്നീട്, പിതാവും കൂടെ വന്ന മറ്റാളുകളുമാണ് ഉത്തരങ്ങൾ പറഞ്ഞത്. പട്ടം കൊട പറഞ്ഞു സമ്മതിച്ച തീയതിയിൽ നടന്നു. അദ്ദേഹം വിശുദ്ധ കുർബാന ചൊല്ലി, പള്ളിഭരണം തുടങ്ങി ഒരു കാര്യം ആരോടു സംസാരിച്ചാലും അവരുമായി ശണ്ഠ കൂടും. എന്തിന് ഏത് പള്ളിയിൽ ചെന്നാലും രീതി മറ്റൊന്നായിരുന്നില്ല. ഒരു വഴക്കാളി അച്ചനായി മാറി കഴിഞ്ഞു. ഏത് ഇടവകയിലായിരുന്നാലും അവിടെ അയാളുടെ വാക് സമരങ്ങൾ നിശ്ചയമാണ്. പട്ടമേൽക്കാൻ വന്നപ്പോൾ പട്ടത്വത്തോടുകൂടി വാങ്ങിയ ശാപവാക്കുകൾ ജീവിതത്തിൽ ഒരു കളങ്കമായിത്തന്നെ തീർന്നു.



അവിര ജോസഫ് പുക്കുന്നേൽ കശീശാ

നിഷ്കളങ്കത, നിർമ്മലമായ രീതികൾ, വിശ്വാസത്തിലെ തീക്ഷ്ണത, പ്രാർത്ഥനയിലുള്ള ജാഗ്രത, എല്ലാവരേടും സ്നേഹത്തോടും വാൽസല്യത്തോടും കൂടി പെരുമാറാനുള്ള വ്യഗ്രത ഇവയെല്ലാം അദ്ദേഹത്തിൽ രൂഢമൂലമായ വൈശിഷ്ഠ്യങ്ങൾ ആയിരുന്നു. അതിനാൽ സഭ അദ്ദേഹത്തെ പരിശുദ്ധ പദവിയിലേക്ക് ഉയർത്തിയതിൽ തികച്ചും സഭാമക്കൾക്ക് സന്തോഷിക്കാൻ ന്യായമുണ്ട്. ജീവിച്ചിരിക്കുമ്പോൾ പല അത്ഭുതങ്ങളും നടത്തീട്ടുള്ളത് ചിലത് ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. സെമിനാരിയുടെ സമീപത്ത് താമസിക്കുന്ന ആളുകൾക്ക് പലതും അനുഭവത്തിലുള്ളതു കൊണ്ടായിരിക്കാം ഭക്തി മാത്രമല്ല അതിലേറെ ഭയവും ഉണ്ടായിരുന്നു.

എന്റെ കാരണവന്മാർ പലരും (അവിര ജോസഫ് പുക്കുന്നേൽ കശിശാ 1935ൽ പ.വലിയ തിരുമേനിയോടൊപ്പം വൈദിക ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ടു. വട്ടിപ്പണക്കേസിലെ രണ്ടാം വാദി കൂടിയായിരുന്നു.) അദ്ദേഹത്തിന്റെ വിശ്വസ്ത മിത്രങ്ങളായിരുന്നതിനാൽ എന്നോട് അദ്ദേഹത്തിന് വളരെ വാൽസല്യം ഉണ്ടായിരുന്നു. ആ വാൽസല്യം സമുദായക്കേസ് സംബന്ധിച്ചും കാനോൻ സംബന്ധിച്ചും മറ്റുമുള്ള ചില സംശയങ്ങളുടെ യഥാസ്ഥിതി ചോദിച്ചറിയാൻ ഇടയാക്കി. അത് പല കാര്യങ്ങളിൽ നിന്നും മാറി കരുണയുള്ള കർത്താവിൽ പൂർണ്ണമായി ആശ്രയിച്ച്, സത്യവിശ്വാസം കാത്ത്, ആത്മനാഥൻ നൽകുന്ന കൃപയ്ക്കനുസരണമായി കഴിയുന്ന നന്മകൾ ചെയ്ത് ശാന്തമായി സമാധാനമായി ജീവിക്കുവാൻ ഉള്ള ഉൾപ്രേരണ എന്നിൽ ഉരുവാക്കി. പണത്തിനോ സ്ഥാനമാനങ്ങൾക്കോ അധികാരത്തിനോ ഒന്നിനും കർത്താവ് തമ്പുരാൻ തരുന്ന ശാന്തിക്കും സമാധാനത്തിനും സാദ്ധ്യമല്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കി. രണ്ടു വർഷം ആ പരിശുദ്ധപിതാവിന്റ സംരക്ഷണയിൽ കഴിഞ്ഞ ആ നല്ല നാളുകൾ എന്റെ മുഴുവൻ ജീവിതത്തിനും ഒരു വഴിത്തിരിവായിരുന്നു. മറ്റുള്ളവർ നമ്മേക്കുറിച്ച് എന്ത് പറയുന്നു, കരുതുന്നു എന്നതിലുപരിയായി മറ്റുള്ളവർക്ക് കർത്തൃ സ്നേഹത്തിൽ എന്തു ചെയ്യാൻ നമുക്ക് സാധിക്കുന്നു എന്നതാണ് അഭികാമ്യം. ആ ചിന്താഗതി ഉരുവാക്കിയതും കഴിയുന്നത്ര പ്രായോഗികമാക്കിയതും ആ പുണ്യപിതാവിൽ നിന്നും ലഭിച്ച ഉപദേശങ്ങൾ സ്വീകരിച്ച്, കർത്തൃ കൃപയിൽ അവിടുന്നു അനുഗ്രഹിച്ചുതന്ന നല്ല നാളുകൾ ജീവിച്ചതു മൂലമാണ്. തിരുനാമം മഹത്വപ്പെടട്ടെ, ആ പുണ്യപിതാവ് എന്നെന്നും പുകഴ്ത്തപ്പെടട്ടെ. ദൈവത്തിന് സ്തോത്രം.